**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5403** **06.07.2012-ൽ മറുപടിക്ക്**

## <u>പകർച്ചപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയിട്ടുള്ളവരുടെ വിശദാംശങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പകർച്ചപ്പനി വ്യാപിക്കുന്നത് തടയുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി) പകർച്ചവ്യാധികൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ 2012 ജനുവരി മുതൽ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു രോഗപ്രതിരോധപരിപാടി ആവിഷ്കരിച്ച് , വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്, പൊതുജനപങ്കാളിത്തത്തോടെ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.<br>ജില്ലാ, ബ്ളോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ അവലോകന യോഗങ്ങൾ എല്ലാ ജില്ലകളിലും നടത്തുകയും, കൊതുക്-കൂത്താടി നശീകരണം, ആരോഗ്യ ബോധവൽകരണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>പനി ചികിത്സയ്ക്കുള്ള മാർഗ്ഗരേഖ (ഫീവർ പ്രോട്ടോക്കോൾ) തയ്യാറാക്കി എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.<br>രോഗവ്യാപനം നടക്കുന്നിടത്ത് ചികിത്സയ്ക്കും നിയന്ത്രണ പ്രവർത്തനങ്ങൾക്കും ആവശ്യത്തിന് ഡോക്ടർമാരേയും ഫീൽഡ് സ്റ്റാഫിനെയും വിന്യസിക്കുകയും ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലും പരിസരത്തും, |

......2

രോഗാണുക്കളും രോഗം പരത്തുന്ന ജീവികളും പെറ്റുപെരുകുന്നത് തടയാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പകർച്ചവ്യാധി നിയന്ത്രണവും, ശുചീകരണ പ്രവർത്തനങ്ങളും സംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം തീരുമാനമെടുക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചു. ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട് വിഹിതമായി മലമ്പനി വിരുദ്ധ മാസാചരണത്തിന് മൂന്നരലക്ഷം രൂപയും, പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി 69.1 ലക്ഷം രൂപയും ജില്ലകൾക്ക് നൽകുകയുണ്ടായി. പകർച്ചപ്പനി തടയുന്നതിനുവേണ്ടി എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഓരോ മെഡിക്കൽ ടീമിനെ സജ്ജമാക്കുകയും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണ ക്ളാസ്സുകളും നടത്തിവരുന്നുണ്ട്.

സി) ഓരോ ജില്ലയിലും ഇതേവരെ പകർച്ചപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയിട്ടുള്ളത് എത്രയാണെന്ന് പറയാമോ ;

സി) 01.01.2012 മുതൽ 30.06.2012 വരെ ഓരോ ജില്ലയിലും പകർച്ചപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയവരുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും രണ്ട് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ആശുപത്രികളിലുമായി 2012 ജൂൺ മാസം 1-ാം തീയതി മുതൽ 29-ാം തീയതി വരെ 3056 പേർ പകർച്ചപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയിട്ടുണ്ട് (വിശദമായ കണക്ക് അനുബന്ധത്തിൽ നൽകിയിട്ടുണ്ട്).

ഡി) പകർച്ചപ്പനിക്ക് ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ആശുപത്രികളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

ഡി) ഉണ്ട്.

ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

ഇ) നിലവിൽ പനി കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളിലെ ആശുപത്രികളിൽ പനി ക്ലിനിക്കുകളും, പനിയുള്ളവരെ പ്രത്യേകം കിടത്തി ചികിത്സിക്കാൻ പനിവാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. രോഗ ചികിത്സയ്ക്കായി മരുന്നുകളും അനുബന്ധ സാമഗ്രികളും ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പനി ബാധിതരായി ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്നവരെ രോഗ പകർച്ച തടയാനായി കൊതുകു വലയ്ക്കുള്ളിൽ കിടത്തുവാൻ സംവിധാനം ഏർപ്പെടുത്തി. ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ലാബോറട്ടറികളിൽ പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജില്ലാ ആശുപത്രികളിലെ ലാബ് സൗകര്യം 24 മണിക്കൂറായും, താലൂക്കാശുപത്രികളിലെ ലാബ് സൗകര്യം രാത്രി 8 മണി വരെയും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എഫ്) പകർച്ചപ്പനി ഉൾപ്പെടെയുള്ള പല രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ സാധാരണക്കാർക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എഫ്) ഇല്ല. ആവശ്യമായ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

ജി) എങ്കിൽ ടി മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ജി) ബാധകമല്ല.

സെക്ഷൻ ഓഫീസർ

5403

**Fever data from**
**01.01.12 to 30.06.12 in Kerala**

| District | OP |
|---|---|
| TVM | 113194 |
| KLM | 43935 |
| PTA | 51967 |
| ALP | 62385 |
| KTM | 41384 |
| IDK | 35273 |
| EKM | 78673 |
| TSR | 119130 |
| PKD | 91649 |
| MLP | 109966 |
| KKD | 58524 |
| WYD | 40286 |
| KNR | 69738 |
| KSD | 49664 |
| **Kerala** | **965768** |

| | |
|---|---|
| **സർക്കാർ മെഡിക്കൽ കോളേജ്** | |
| തിരുവനന്തപുരം | 1151 |
| ആലപ്പുഴ | 91 |
| കോട്ടയം | 487 |
| തൃശൂർ | 42 |
| കോഴിക്കോട് | 315 |
| **കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളജ്** | |
| കൊച്ചി | 704 |
| കണ്ണൂർ, പരിയാരം | 266 |
| ആകെ | 3056 |

സെക്ഷൻ ഓഫീസർ